# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1968-2018 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | YEAR OF OUR LORD JESUS CHRIST, 2024 JUNE | No. 08


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സദൃശ്യവാക്യങ്ങൾ 21:1 – 10

01. രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടുകണക്കെ ഇരിക്കുന്നു; തനിക്കു ഇഷ്ടമുള്ളേടത്തേക്കൊക്കെയും അവൻ അതിനെ തിരിക്കുന്നു.
02. മനുഷ്യന്റെ വഴി ഒക്കെയും അവന്നു ചൊവ്വായിത്തോന്നുന്നു; യഹോവയോ ഹൃദയത്തെ തൂക്കിനോക്കുന്നു.
03. നീതിയും ന്യായവും പ്രവർത്തിക്കുന്നതു യഹോവെക്കു ഹനനയാഗത്തെക്കാൾ ഇഷ്ടം.
04. ഗർവ്വമുള്ള കണ്ണും അഹങ്കാരഹൃദയവും ദുഷ്ടന്മാരുടെ ദീപവും പാപം തന്നേ.
05. ഉത്സാഹിയുടെ വിചാരങ്ങൾ സമൃദ്ധിഹേതുകങ്ങൾ ആകുന്നു; ബദ്ധപ്പാടുകാരൊക്കെയും ബുദ്ധിമുട്ടിലേക്കത്രേ ബദ്ധപ്പെടുന്നതു.
06. കള്ളനാവുകൊണ്ടു ധനം സമ്പാദിക്കുന്നതു പാറിപ്പോകുന്ന ആവിയാകുന്നു; അതിനെ അന്വേഷിക്കുന്നവർ മരണത്തെ അന്വേഷിക്കുന്നു.
07. ദുഷ്ടന്മാരുടെ സാഹസം അവർക്കു നാശഹേതു ആകുന്നു; ന്യായം ചെയ്‌വാൻ അവർക്കു മനസ്സില്ലല്ലോ.
08. അകൃത്യഭാരം ചുമക്കുന്നവന്റെ വഴി വളഞ്ഞിരിക്കുന്നു; നിർമ്മലന്റെ പ്രവൃത്തിയോ ചൊവ്വുള്ളതു തന്നേ.
09. ശണ്ഠകൂടുന്ന സ്ത്രീയോടുകൂടെ പൊതുവീട്ടിൽ പാർക്കുന്നതിനെക്കാൾ മേൽപ്പുരയുടെ കോണിൽ പാർക്കുന്നതു നല്ലതു.
10. ദുഷ്ടന്റെ മനസ്സു ദോഷത്തെ ആഗ്രഹിക്കുന്നു; അവന്നു കൂട്ടുകാരനോടു ദയ തോന്നുന്നതുമില്ല.

# കർത്താവിന് അത് (നിങ്ങളെ) വേണം!

## THE LORD NEEDS YOU!


*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*


വിളിയുടെ പ്രതിധ്വനിയുടെ എല്ലാ വിദൂര കുടുംബാംഗങ്ങൾക്കും എന്റെ ആശംസകൾ!



2014 ന്റെ ആദ്യപകുതി ഇത്രയും വേഗം പൂർത്തിയായത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. സമയം അതിവേഗം കടന്നുപോകുന്നു. അതുകൊണ്ടാണ് സമയം തക്കത്തിൽ ഉപയോഗിക്കുവാൻ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത്. **ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ** (എഫെസ്യർ 5:16). യേശുക്രിസ്തുവിനെക്കാളും സമയം നന്നായി അറിയാവുന്ന മറ്റാരുമില്ല. അത് എപ്പോൾ രഹസ്യമായി സൂക്ഷിക്കണമെന്നും ഈ ലോകത്തിലേക്ക് വരാനുള്ള തന്റെ ഉദ്ദേശ്യം എപ്പോൾ ലോകത്തിനുമുമ്പിൽ പ്രഖ്യാപിക്കണമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു.

മർക്കൊസ് 11-ൽ വിവരിച്ചിരിക്കുന്ന യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള പ്രവേശനം മഹത്വപൂർണ്ണമായിരുന്നു. താൻ മശിഹയാണെന്ന് അതുവരെയും യേശുക്രിസ്തു പരസ്യമായി വെളിപ്പെടുത്തിയിട്ടില്ലായിരുന്നു. എന്നാൽ സെഖര്യാ പ്രവാചകന്റെ പുസ്തകം 9:9 ലെ പ്രവചനപൂർത്തീകരണമായി കഴുതപ്പുറത്തു കയറി യെരുശലേമിലേക്ക് മഹത്വ




Echo of His Call

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.


**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

## ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS

## *from your dearly beloved brother...*





**യഹോവയുടെ മഹത്വം എന്നേക്കും നില്ക്കുമാറാകട്ടെ;**
**യഹോവ തന്റെ പ്രവൃത്തികളിൽ സന്തോഷിക്കട്ടെ.**
**(സങ്കീർത്തനങ്ങൾ 104:31)**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

ക്രിസ്ത വിൽ പ്രിയ സ്നേഹിതരേ!

ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ഏറ്റവും അതിശയകരമായ നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. നിങ്ങൾ അറിയുന്നതുപോലെ, ചെപ്പോക്ക് (തമിഴ് മീഡിയം), സന്തോഷപുരം (തമിഴ് മീഡിയം), വേളാച്ചേരി (ഹിന്ദി മീഡിയം, റെസിഡൻഷ്യൽ) എന്നിവിടങ്ങളിലെ നെഹെമ്യ ബൈബിൾ കോളേജുകൾ 2024 ജൂൺ 1-ാം തീയതി നടന്ന ബിരുദദാന ചടങ്ങിനുശേഷം ജൂൺ 3-ാം തീയതി വീണ്ടും തുറക്കാനുള്ള തിരക്കിലാണ് ഞങ്ങൾ. ഇവിടെ നിന്നും പാസ്സായി പുറത്തുവരുന്നവർ ഒരു സഭ പോലും ഇല്ലാത്ത ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ പുതിയ മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കും. അതിനായി ദയവായി പ്രാർത്ഥിക്കുവിൻ.

MTh അല്ലെങ്കിൽ M Div. ഡിഗ്രിയുള്ളവരെ നെഹെമ്യ ബൈബിൾ കോളേജിലേക്ക് ഹിന്ദി ലക്ചറന്മാരായി ഞങ്ങൾക്ക് ആവശ്യമുണ്ട്.

ഞങ്ങളുടെ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം ക്രിസ്തീയ സ്കൂളിന് മതിയായ വിദ്യാർത്ഥികളെ ലഭിക്കുന്നതിനായി ദയവായി പ്രാർത്ഥിക്കുവിൻ. നല്ല ആത്മീയ നേതാക്കളെ സൃഷ്ടിക്കുവാനും സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ പള്ളികൾ സ്ഥാപിക്കുവാനും ഞങ്ങൾ ശ്രമിക്കുന്നു. ഞങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനയുടെ പിന്തുണ ആവശ്യമാണ്.

കാലം ചെല്ലുന്തോറും കർത്താവിന്റെ വേല മെച്ചപ്പെട്ടു വരുന്നു എങ്കിലും ഒരുതരം ആത്മീയ യുദ്ധത്തെ ഞങ്ങൾ അഭിമുഖീകരിക്കുന്നു. ഞങ്ങളുടെ മിക്ക ജീവനക്കാരും കുടുംബങ്ങളും ഗുരുതരമായ രോഗങ്ങളാൽ ഭാരപ്പെടുന്നതിനാൽ അവരെ ഏൽപ്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ വേണ്ടത്ര ശ്രദ്ധ നൽകാൻ കഴിയാതെപോകുന്നു.

നിങ്ങളുടെ പ്രാർത്ഥനയും സാമ്പത്തികമായ സഹായങ്ങളും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പണത്തിന്റെ അഭാവം മൂലം വയലേലകളിൽ വേല ചെയ്യുന്ന ശുശ്രൂഷകർക്ക് ശമ്പളം നൽകാൻ കഴിയുന്നില്ല. ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറുവാൻ ഞങ്ങൾ കർത്താവിന്റെ മുഖത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നു.

ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*
***പാസ്റ്റർ എസ്. സാം സെൽവരാജ്***
***പാസ്റ്റർ അലക്സ് സാംസൺ സാം***
(+91) 98412 71858/98410 71858 E-mail : sam@echoofhiscall.org

**************************************************

**അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അതിന്മേൽ ഇട്ടു; അവൻ അതിന്മേൽ കയറി ഇരുന്നു. അനേകർ തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു; മറ്റു ചിലർ പറമ്പുകളിൽനിന്നു ചില്ലിക്കൊമ്പു വെട്ടി വഴിയിൽ വിതറി.**

(മർക്കൊസ് 11:7,8).



***അത്യുന്നതങ്ങളിൽ ഹോശന്നാ!***

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95561 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ☼ BIBLECOR - Postal Courses (3 languages) ☼ YouTube Ministry ☼ Online Courses ☼ Theological Correspondence Courses (2 languages) ☼ Church Planting ☼ Nehemiah Bible Colleges ☼ Gospel Printing Press ☼ Great Commission Partners ☼ St. Paul's Matriculation School ☼ Crusades ☼ Community Development

## വിളിയുടെ പ്രതിധ്വനി വായനക്കാർ ദയവായി ശ്രദ്ധിക്കുവിൻ

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

പ്രവേശനം ചെയ്തപ്പോൾ താൻ മശിഹായാണെന്ന് അവൻ പരസ്യമായി പ്രഖ്യാപിച്ചു.

തനിക്ക് എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് യേശുക്രിസ്തുവിന് വ്യക്തമായി അറിയാമായിരുന്നു. എങ്കിലും ഇതാണ് യെരുശലേമിൽ പ്രവേശിക്കുവാനുള്ള തക്കസമയം എന്ന് അവൻ മനസ്സിലാക്കി. ആർപ്പുവിളികളും പാട്ടും സ്തുതികളുമെല്ലാം കേൾക്കുമ്പോഴും ചില ദിവസങ്ങൾക്കുശേഷം അവൻ അപമാനിക്കപ്പെടുകയും നഗ്നനാക്കുകയും തുപ്പലും, ചാട്ടയടി ഏറ്റുവാങ്ങുകയും ക്രൂശീകരിക്കപ്പെടുകയും ചെയ്യുമെന്നും അവൻ അറിഞ്ഞിരുന്നു. തന്റെ ക്രൂശുമരണം വരുന്ന അനേകം തലമുറകൾക്കു അനുഗ്രഹമായിരിക്കുമെന്നും തന്റെ തകർച്ച മാനവരാശിക്ക് വീണ്ടെടുപ്പ് നൽകുമെന്നും അറിഞ്ഞിരുന്നു.

മർക്കൊസ് 11-ാം അദ്ധ്യായം വായിച്ചപ്പോൾ മൂന്നു പദങ്ങൾ എന്റെ ശ്രദ്ധയെ ആകർഷിച്ചു.

**നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അതിൽ കടന്നാൽ ഉടനെ ആരും ഒരിക്കലും കയറീട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും; അതിനെ അഴിച്ചു കൊണ്ടുവരുവിൻ** (മർക്കൊസ് 11:2)



*കെട്ടിയിട്ട കഴുതക്കുട്ടിയെ ശിഷ്യന്മാർ കണ്ടെത്തി!*

**1. കണ്ടെത്തുവിൻ!**
**2. അത് അഴിക്കുവിൻ!**
**3. കൊണ്ടുവരുവിൻ!**

## 1. കണ്ടെത്തുവിൻ!

ഒരു കഴുതയെ കണ്ടെത്തുവാനായി യേശുക്രിസ്തു തന്റെ രണ്ടു ശിഷ്യന്മാരെ അയയ്ക്കുന്നു. ശലോമോൻ മിസ്രയീമിൽനിന്നും കൊണ്ടുവന്ന യുദ്ധത്തിന്റെ പ്രതീകമായ കുതിരയെപ്പോലെയല്ലായിരുന്നു സമാധാനത്തിന്റെ പ്രതീകമായ കഴുത. കഠിനമായ ഭാരം ചുമക്കുന്നതും വിനയത്തിന്റെ പ്രതീകവുമാണ് കഴുത. കാണാൻ വലിയ ഭംഗിയില്ല എങ്കിലും യഹൂദന്മാർ അതിനെ വയലുകളിലും തൊഴിൽശാലകളിലും വ്യാപകമായി ഉപയോഗിച്ചിരുന്നു.

പോയി ഒരു കഴുതയെ കണ്ടെത്തുവിൻ എന്നതായിരുന്നു യേശുക്രിസതു തന്റെ ശിഷ്യന്മാർക്കു നൽകിയ കല്പന.

ദൈവം ഇപ്പോഴും കഴുതകളെ (ഞാനും നിങ്ങളും) അന്വേഷിക്കുന്ന ജോലിയിൽ വ്യാപൃതനാണ്. അവനെയും അവന്റെ വചനത്തെയും, അവന്റെ ഉദ്ദേശ്യത്തെയും ചുമക്കുവാൻ തയ്യാറുള്ളവരെ ദൈവം ഇപ്പോഴും അന്വേഷിക്കുന്നു. യജമാനന് ഉപയോഗിക്കാൻ ആവശ്യമായ സമയവും സന്നദ്ധതയും ലഭ്യതയും ഉള്ള വ്യക്തികളെ തീവ്രമായി അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അവൻ തിരക്കുള്ള മനുഷ്യ സഹായക നിർവ്വാഹകനാണ്.

കഴുതയെ അന്വേഷിച്ചുപോയ ശിഷ്യന്മാർ അതിനെ കണ്ടെത്തിയപ്പോൾ:

- വാതിലിനോടു ചേർത്ത് ബന്ധിച്ചിരുന്നു
- രണ്ടു വഴികൾ ചേരുന്നിടത്തായിരുന്നു

2024-ൽ ജീവിക്കുന്ന നാമെല്ലാവരും തിരക്കു മൂലമുള്ള ബന്ധനത്തിലാണ്. നീ വേദപഠന ക്ലാസ്സിൽ വരാത്തതെന്ത്? “ജോലി ഭാരവുമായി ഞാൻ കെട്ടപ്പെട്ടുപോയി, പാസ്റ്റർ”. കഴിഞ്ഞ ആഴ്ച നിന്നെ കണ്ടില്ലല്ലോ? “വ്യക്തിപരവും കുടുംബപരവുമായ ചുമതലകളുമായി ഞാൻ കെട്ടപ്പെട്ടുപോയി, ക്ഷമിക്കണം പാസ്റ്റർ”. നീ ആരാധനയ്ക്കു വരാത്തതെന്ത്? “എന്റെ പഠനപ്രവർത്തനവുമായി ഞാൻ കെട്ടപ്പെട്ടിരിക്കുന്നു, ക്ഷമിക്കണം.” ഞാൻ പറയുന്നത് ആരും തെറ്റായി വ്യാഖ്യാനിക്കരുത്, ഇതെല്ലാം അത്യാവശ്യം തന്നെയാണ്. എന്നാൽ ജോലി, കുടുംബങ്ങൾ, ബന്ധങ്ങൾ, വിദ്യാഭ്യാസം, പണം സമ്പാദിക്കൽ എന്നിവയുമായി ബന്ധപ്പെടുത്തി സാത്താൻ എങ്ങനെയാണ് നമ്മെ തിരക്കിലാക്കി ബന്ധിച്ചിരിക്കുന്നതെന്ന് നാം മനസ്സിലാക്കണം.

തങ്ങൾ എത്രത്തോളം പണം നേടുന്നുവോ അത്രത്തോളം സമ്പാദിക്കുവാൻ തങ്ങൾക്കു കഴിയുമെന്ന് ജനങ്ങൾ കരുതുന്നു. ഇല്ല, ഇത് തികച്ചും അസംബന്ധമാണ്. നാം കൂടുതൽ പണം സമ്പാദിക്കുമ്പോൾ ചെലവുകളും അതുപോലെ വർദ്ധിക്കുന്നു. ജനങ്ങൾ ചിലപ്പോഴൊക്കെ സാധനങ്ങൾ വാങ്ങുകയും വായ്പയുടെ തിരിച്ചടവിനായി ദീർഘനേരം ജോലി ചെയ്യുകയും ചെയ്യുമ്പോൾ വാങ്ങിയവ ആസ്വദിക്കാൻ അവർക്ക് സമയം കിട്ടുന്നില്ല.

തന്നെ ചുമക്കാൻ കഴിയുന്ന ആളുകളെ കണ്ടെത്തുന്ന പ്രക്രിയയിൽ ദൈവം നിരാശനാണ്. കാരണം, എല്ലാവരും വാതിലിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ജോലി, പാർപ്പിട നിർമ്മാണം, സ്വന്തം സാമ്രാജ്യ വിപുലീകരണം, അവരവരുടെ അതിരുകളുടെ വിപുലീകരണം എന്നിവയുമായി ബന്ധപ്പെട്ട

| | | |
|---|---|---|
| B | → | Being |
| U | → | Under the |
| S | → | Satan's |
| Y | → | Yoke. |

വാതിലിലാണ് അവർ ബന്ധിക്കപ്പെട്ടിരിക്കുന്നത്. തിരക്കുള്ളത് എന്നു പറഞ്ഞാൽ എന്താണ് സൂചിപ്പിക്കുന്നത് എന്നു നിങ്ങൾക്ക് അറിയാമോ? സാത്താന്റെ നുകത്തിൻ കീഴിലായിരിക്കുക എന്നാണ്. പ്രാർത്ഥിക്കാനും വചനം വായിക്കാനും ഉപവസിക്കാനും ധ്യാനിക്കാനും കൂട്ടായ്മ പുലർത്താനും ആലയത്തിൽ പോകുവാനും നമുക്ക് സമയം



യേശുക്രിസ്തു നിങ്ങളെ പരിപാലിക്കുന്നു!


കിട്ടാത്ത രീതിയിൽ അവൻ നമ്മെ നിരന്തരം തിരക്കിലാക്കുന്നു.

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു** (മത്തായി 11:28-30).

നാം രക്ഷകന്റെ നുകത്തിൻ കീഴിലല്ലെങ്കിൽ സാത്താന്റെ നുകത്തിൻ കീഴിലായിരിക്കും. നാം സാത്താന്റെ നുകത്തിൻ കീഴിലായിരിക്കുമ്പോൾ നമ്മുടെ കുടുംബത്തിനും ദൈവവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധത്തിനും സഭയുമായുള്ള പ്രതിബദ്ധതകൾക്കും നമുക്ക് സമയമുണ്ടാകുകയില്ല. നാം പൂർണ്ണമായും ദൈവഹിതത്തിനോ ദൈവത്തിന്റെ ഉദ്ദേശ്യത്തിനോ പുറത്തായിരിക്കും. ഒരു തീരുമാനം എടുക്കേണ്ട സമയമാണിത്.

ഒരുപക്ഷേ നിങ്ങൾ ആശയക്കുഴപ്പത്തിലും ഒരു തീരുമാനത്തിലെത്താൻ കഴിയാതിരിക്കുകയുമായിരിക്കാം. നമ്മുടെ എല്ലാ വേദനകളും ഉത്കണ്ഠകളും പരാജയങ്ങളും ശാപങ്ങളും ശിക്ഷകളും ഏറ്റെടുത്ത് ക്രൂശിൽ നമുക്കുവേണ്ടി മരിച്ച യേശുക്രിസ്തുവിന്റെ കരങ്ങളിലേക്ക് സ്വയം സമർപ്പിക്കുവിൻ. നമ്മുടെ പാതകൾ നേരെയാക്കുവാനും വ്യക്തമാക്കുവാനും അവനു കഴിയും.

"ഞാൻ കുട്ടിക്കാലം മുതൽ കർത്താവിനെ സേവിക്കുന്നതാണ്. എനിക്ക് സംഭവിച്ചത് നോക്കൂ, ഇതു ഞാൻ അർഹിക്കുന്നതല്ല. ഞാൻ ഇനി ദൈവത്തോടു അടുത്തുവരാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അവനോടു അടുത്തുചെന്ന് മുറിവേൽക്കുന്നതിനേക്കാളും അകന്നു നിൽക്കുന്നതാണ് നല്ലത്. ദൂരെ നിന്ന് അവനെ അനുഗമിക്കാനാണ് എനിക്ക് ഇഷ്ടം." നമുക്ക് ലോകവും ദൈവവും വേണം.



പത്രൊസ് ദൂരെ മാറി അവനെ അനുഗമിച്ചു


**ഒരു അകലത്തിൽ!**

യേശുക്രിസ്തുവിനെ ദൂരെ നിന്നും പിന്തുടർന്ന ഒരു വ്യക്തിയെക്കുറിച്ചും പിന്നീട് നടന്നതിനെക്കുറിച്ചുമെല്ലാം വേദപുസ്തകം വിശദീകരിക്കുന്നു. യേശുക്രിസ്തുവിനെ അകലെ പിന്തുടരുന്നത് അപകടകരമാണ്. നിങ്ങളുടെ വിശ്വാസം വിട്ടുകളഞ്ഞ് ദൈവത്തിൽ നിന്ന് അകന്നുപോകുന്ന പാതയിലാണെന്ന് നിങ്ങൾ ഉടനെ തന്നെ മനസ്സിലാക്കും. യേശുക്രിസ്തുവിനെ അകലെ പിന്തുടർന്നത് ആരാണെന്ന് നിങ്ങൾക്ക് അറിയാമോ? അതെ, പത്രൊസ്! **എന്നാൽ പത്രൊസ് ദൂരവെ ... പിൻചെന്നു.** (മത്തായി 26:58).

അകലെ പിന്തുടരുന്നത് പരാജയമാണ്. ഞാൻ നിങ്ങളെ അന്വേഷിക്കുകയായിരുന്നു എന്ന് യേശുക്രിസ്തു പറയുന്നു.

നിങ്ങൾ എവിടെ പോയാലും അവൻ നിങ്ങളെ കണ്ടെത്തും!

## 2. അത് അഴിക്കുവിൻ!



ശിഷ്യന്മാർ കഴുതയെ അന്വേഷിച്ചു പോയപ്പോൾ അത് കെട്ടപ്പെട്ടതായി വഴിത്തിരിവിൽ കണ്ടെത്തി.

നമ്മുടെ ദൈവം സൗമ്യനാണ്; അവൻ ആരെയും ഒരിക്കലും നിർബന്ധിക്കുകയില്ല. നമ്മോടുള്ള അവന്റെ സ്നേഹം വലുതാണ്. ധൂർത്തപുത്രന്റെ മടങ്ങിവരവിനായി ദിനംതോറും കാത്തിരുന്ന പിതാവിനെപ്പോലെ അവൻ നമുക്കുവേണ്ടി കാത്തിരിക്കുന്നു. അതാണ് നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം! അവൻ ഇപ്പോഴും നിങ്ങളെ കാത്തിരിക്കുകയാണ്.

പ്രീയ സഹോദരീ സഹോദരന്മാരേ, അവൻ നിങ്ങളെ അഴിച്ചു വിടുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്തുമായിട്ടാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്?

നമ്മിൽ ചിലരുടെ മനസ്സും ഹൃദയവും പരസ്പരം വൈരുദ്ധ്യമുള്ളതിനാൽ ബന്ധം വിഛേദിക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ല. "കർത്താവേ, അങ്ങയുടെ ഇഷ്ടം നിറവേറപ്പെടട്ടെ" എന്നു പറയുന്നതിനൊപ്പം "കർത്താവേ, എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ നിറവേറ്റിത്തരേണമേ" എന്നും പ്രാർത്ഥിക്കുന്നു. നമ്മുടെ ക്രിസ്തീയ നടത്തത്തിൽ ഈ വൈരുദ്ധ്യം നമ്മെ പിന്നിലേക്ക് വലിക്കുന്നു. ദൈവം നമുക്കുവേണ്ടി ആസൂത്രണം ചെയ്തത് പ്രാപിക്കാൻ നാം മുന്നോട്ടു പോകണമെന്ന് ദൈവം ആഗ്രഹിക്കുന്നു, പക്ഷെ നമ്മുടെ സ്വന്തം ആഗ്രഹങ്ങളാൽ നാം പിന്നോക്കം നിൽക്കുന്നു.

06-ാം പേജിൽ തുടരും...


റസിഡൻഷ്യൽ ബൈബിൾ കോഴ്സ്
നെഹെമ്യ ബൈബിൾ കോളേജ്, ചെന്നൈ

ഭാഷ : ഹിന്ദി

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

*ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്*
*വേദശാസ്ത്രത്തിൽ ഡിപ്ലോമ*

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✷ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✷

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ജൂൺ 19*** ⇨ 1969 മുതലുള്ള ഞങ്ങളുടെ മാസിക ശുശ്രൂഷയ്ക്ക് ദൈവം നൽകിയ അനുഗ്രഹത്തിനായി.

***ജൂൺ 20*** ⇨ റസിഡൻഷ്യൽ, സായാഹ്ന **നെഹെമ്യ ബൈബിൾ കോളേജിനുവേണ്ടി** വിദ്യാർത്ഥികളെ നേടുന്നതിനുള്ള ശ്രമങ്ങളെ അനുഗ്രഹിക്കുന്നതിനായി.

***ജൂൺ 21*** ⇨ 2024 ജൂൺ 1 ന് **നെഹെമ്യ ബൈബിൾ കോളേജിന്റെ** ബിരുധദാന ചടങ്ങ് അനുഗ്രഹിച്ചതിനായി.

***ജൂൺ 22*** ⇨ 2023-24 അദ്ധ്യയനവർഷം വിജയകരമായി പൂർത്തിയാക്കാൻ റസിഡൻഷ്യൽ/ഈവനിംഗ് **നെഹെമ്യ ബൈബിൾ കോളേജ്, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** എന്നിവയെ അനുഗ്രഹിച്ചതിനായി.

***ജൂൺ 23*** ⇨ തമിഴ്, തെലുങ്ക്, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ **വിളിയുടെ പ്രതിധ്വനി യുട്യൂബ്** സന്ദേശങ്ങളെ അനുഗ്രഹിച്ചതിനായി.

***ജൂൺ 24*** ⇨ ഞങ്ങളുടെ മുഖ്യസഭയിലെയും ശാഖാസഭകളിലെയും വെക്കേഷൻ ബൈബിൾ സ്കൂളിനെ ആശീർവദിച്ചതിനായി.

***ജൂൺ 25*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ജൂൺ 26*** ⇨ യുവാക്കളുടെയും കുട്ടികളുടെയും നന്മക്കായി എല്ലാ ദിവസവും രാത്രി 10.00 മണിക്ക് **ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ്** എന്ന നാമധേയത്തിലുള്ള പ്രാർത്ഥനാ ശുശ്രൂഷയെ ദൈവം അനുഗ്രഹിച്ചതിനായി.

***ജൂൺ 27*** ⇨ സംഘടനയുടെ ഇതുവരെയുള്ള നടത്തിപ്പിലുള്ള ഞങ്ങളുടെ ശ്രമങ്ങൾ ഫലവത്തായതിനായി.

***ജൂൺ 28*** ⇨ ഞങ്ങളുടെ അഭ്യുതയകാംക്ഷികളുടെ പ്രാർത്ഥനയ്ക്കും സാമ്പത്തിക സഹായങ്ങൾക്കുമായി.

***ജൂൺ 29*** ⇨ 2024 മെയ് 13-ാം തീയതി നടന്ന **നെഹെമ്യ ബൈബിൾ കോളേജിന്റെ** പൂർവ്വവിദ്യാർത്ഥിസംഗമത്തെ അനുഗ്രഹിച്ചതിനായി.

***ജൂൺ 30*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

***ജൂലൈ 01*** ⇨ **വിളിയുടെ പ്രതിധ്വനി** മാസിക ശുശ്രൂഷയെ പിൻതാങ്ങുന്ന സമർപ്പിതരായ അസ്സോസിയേറ്റ് എഡിറ്റർമാരെ നൽകി അനുഗ്രഹിച്ചിരിക്കുന്നതിനായി.

***ജൂലൈ 02*** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയെ അനുഗ്രഹിച്ചതിനായി.

***ജൂലൈ 03*** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** ജീവനക്കാരെയും കുടുംബാംഗങ്ങളെയും സംരക്ഷിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ജൂലൈ 04*** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയിലേക്ക് സമർപ്പിതരായ കൂടുതൽ പേരെ ദൈവം നൽകാനായി.

***ജൂലൈ 05*** ⇨ ലോകമെമ്പാടും നടത്തിയ വെക്കേഷൻ ബൈബിൾ സ്കൂളുകളിലൂടെ രക്ഷിക്കപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി.

***ജൂലൈ 06*** ⇨ 2024-25 അദ്ധ്യയനവർഷത്തിൽ അർഹരായ വിദ്യാർത്ഥികൾ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റെസിഡൻഷ്യൽ/സായാഹ്ന കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ.

***ജൂലൈ 07*** ⇨ 2024-25 അദ്ധ്യയനവർഷത്തിൽ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

***ജൂലൈ 08*** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാർക്ക് സ്വർഗ്ഗീയ സംരക്ഷണം ലഭിക്കുവാൻ.

***ജൂലൈ 09*** ⇨ ഞങ്ങളുടെ ഓഫീസ് ജീവനക്കാർ, അച്ചടിശാല ജീവനക്കാർ എന്നിവരുടെ ആരോഗ്യത്തിനായി.

***ജൂലൈ 10*** ⇨ ഈ മാസത്തിലെ ആവശ്യങ്ങൾ ദൈവം നിറവേറ്റിത്തരുവാൻ.

***ജൂലൈ 11*** ⇨ താഴേക്കിടയിലുള്ളവരുടെ സാമ്പത്തിക ഉന്നമനത്തിനായി.

***ജൂലൈ 12*** ⇨ ലോകരാജ്യങ്ങളിൽ ദൈവഭയമുള്ള നേതാക്കളാൽ അനുഗ്രഹിക്കപ്പെടുവാൻ.

***ജൂലൈ 13*** ⇨ ഇന്ത്യയിൽ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ സഹായിക്കുന്നതിനായി.

***ജൂലൈ 14*** ⇨ ലോകം മുഴുവനും സമാധാനം കളിയാടുവാൻ.

***ജൂലൈ 15*** ⇨ ആത്മകഥ എഴുതുന്നതിൽ നമ്മുടെ മുഖ്യപാസ്റ്ററുടെ വിജയത്തിനായി.

***ജൂലൈ 16*** ⇨ ഞങ്ങളുടെ ശുശ്രൂഷയുടെ വിപുലീകരണത്തിനും സുവിശേഷത്തിന്റെ ലോകമെമ്പാടുമുള്ള പ്രചാരണത്തിനുമായി.

***ജൂലൈ 17*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുവാൻ.

***ജൂലൈ 18*** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദൈവീക സംരക്ഷണക്കായി.

...4-ാം പേജിന്റെ തുടർച്ച

നിങ്ങൾക്ക് കർത്താവിനെ സേവിക്കാനും അവനുവേണ്ടി സന്തോഷമായി ജീവിക്കുവാനും ആഗ്രഹമുണ്ടെങ്കിലും നമുക്ക് അനങ്ങാൻ കഴിയാത്ത രീതിയിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. തകർന്ന മാനസികാവസ്ഥയിൽ ജീവിതം തകർന്നതായി തോന്നുമ്പോൾ,



**ദൈവം നിങ്ങളുടെ കണ്ണുനീർ അറിയുന്നു!**

ദൈവം നിങ്ങളുടെ ഹൃദയത്തെ അറിയുന്നു. നിങ്ങൾ ചിരിക്കുന്നതു മാത്രമാണ് ജനങ്ങൾ കാണുന്നത്. പക്ഷെ, രാത്രിയുടെ യാമങ്ങളിൽ നിങ്ങൾ കരയുന്നത് ആരും കാണുന്നില്ല.

നിങ്ങളെ ബന്ധിപ്പിക്കുന്ന പരിമിതികളിൽ നിന്നും, പുരോഗതിക്കു തടസ്സമാകുന്ന കെണിയിൽനിന്നും നിങ്ങളെ മോചിപ്പിക്കാൻ ദൈവം ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിങ്കലേക്കു തിരിയുവിൻ, അവൻ ജനങ്ങളെ മോചിപ്പിക്കുന്നു. ഇതു നിങ്ങളുടെ നിമിഷമാണ്; നിങ്ങളെ പരിമിതപ്പെടുത്തുന്ന ബന്ധങ്ങൾ അഴിക്കാൻ കർത്താവിനോട് അപേക്ഷിക്കുക. നിങ്ങളുടെ യാത്രയെ തടസ്സപ്പെടുത്തുന്ന ചക്രങ്ങളിൽനിന്നു മോചനം നേടി വിമോചനവും പുരോഗതിയും തേടുക.

## ബിലെയാമും ബാലാക്കും

സംഖ്യാപുസ്തകം 22-ാം അദ്ധ്യായം പ്രവാചകനായ ബിലെയാമിന്റെ കഥ പറയുന്നു. വേദപുസ്തകം പറയുന്നതുപോലെ അനുഗ്രഹിക്കാനും ശപിക്കാനും അദ്ദേഹത്തിന് അധികാരമുള്ളതിനാൽ യിസ്രായേല്യരെ ശപിക്കാൻ മോവാബ് രാജാവ് മൂന്നു തവണ ബിലെയാമിനോട് അഭ്യർത്ഥിച്ചു. അത് ദൈവഹിതമല്ലെന്ന് ആദ്യം മുതലേ അവന് അറിയാമായിരുന്നു. എന്നിരുന്നാലും പണം, പ്രശസ്തി, സ്വത്തുക്കൾ, അധികാരം, പൊതുശ്രദ്ധ എന്നിവയുമായി ബന്ധപ്പെട്ട് ഇടനാഴിയിൽ കെട്ടപ്പെട്ട കഴുതയെപ്പോലെ അവൻ ആയി



**മോവാബ് രാജാവ് ബാലാക്കിനോട് യിസ്രായേല്യരെ ശപിക്കാൻ പറയുന്നു.**


പ്പോയി. ദൈവം ആവശ്യപ്പെടുന്നതും അവൻ ആഗ്രഹിക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യം അവനെ തകർത്തുകളഞ്ഞു.

പ്രീയ സ്നേഹിതരേ, നിങ്ങൾ ബിലെയാമിനെപ്പോലെ ഇടനാഴിയിൽ തുടരുകയാണെങ്കിൽ അത് അത്ര സുഖകരമായ യാത്രയായിരിക്കയില്ല. യഹോവയുടെ ദൂതൻ അവനെ എതിർത്തുകൊണ്ട് വഴിയിൽ നിന്നു.

ദൈവം അവനെ എതിർക്കാൻ വഴിയിൽ നിന്നു. ഇന്നു തന്നെ നിങ്ങളുടെ വഴികൾ മാറ്റിയില്ലെങ്കിൽ അവൻ നിങ്ങൾക്കെതിരെ വാളുമായി നിൽക്കും.

ദൈവം നിങ്ങളെ അഴിച്ചു മാറ്റുവാൻ തയ്യാറാണ്. പക്ഷെ ചോദ്യം ഇതാണ്: നിങ്ങൾ അഴിച്ചു മാറ്റപ്പെടുവാൻ ആഗ്രഹിക്കുന്നുവോ?

## 3. കൊണ്ടുവരുവിൻ!



നിങ്ങളെ തിരികെ കൊണ്ടുവരുവാനായി നിങ്ങളുടെ കെട്ടപ്പെട്ട അവസ്ഥ മാറ്റുവാൻ ദൈവം കാത്തിരിക്കുന്നു.

ദൈവം നിങ്ങളെ മടക്കി കൊണ്ടുവരുവാൻ ആഗ്രഹിക്കുമ്പോൾ നിങ്ങൾ ആദ്യം ഒരു വിശുദ്ധനാകണമൊന്നും എന്നിട്ട് മടങ്ങിവരണമെന്നും അവൻ ആവശ്യപ്പെടുന്നില്ല. നിങ്ങൾ ഇപ്പോൾ എങ്ങനെയാണോ, ഭാരം, വേദന, നിരാശ, കോപം, തോൽവി, ഏകാന്തത, എന്നിവയോടൊപ്പം കടന്നു വരിക.

നിങ്ങളുടെ പോരാട്ടങ്ങളോടു യേശുക്രിസ്തു അനുഭാവം പ്രകടിപ്പിക്കുന്നു. തന്റെ ജീവിതത്തിന്റെ അവസാന മണിക്കൂറുകളിൽ, ജനക്കൂട്ടത്താൽ ചുറ്റപ്പെട്ടിട്ടുണ്ടെങ്കിലും

8-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അംഗത്വത്തിനായി രജിസ്റ്റർ ചെയ്ത സ്ഥാനാർത്ഥി
ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ – ATA

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്
വേദശാസ്ത്രത്തിൽ ഡിപ്ലോമ

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# യേശുക്രിസ്തു - അത്ഭുതപ്രവർത്തകൻ!

**"എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും" - യോഹന്നാൻ 12:26**

വ്യത്യസ്ഥ അവസരങ്ങളിൽ ദൈവം എന്നിലൂടെ വൻ കാര്യങ്ങൾ ചെയ്തു. മുഖ്യ ആസ്ഥാനത്തും പുറത്തുമെല്ലാം എന്റെ ശുശ്രൂഷയിൽ അത്ഭുതങ്ങളും അതിശയങ്ങളും പ്രവർത്തിച്ചു എന്നെ ആദരിച്ചു. ഇതിലൂടെ ഈ ശുശ്രൂഷയുടെ സുഗന്ധം ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും വ്യാപിച്ചു. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ.

ഒരിക്കൽ ഞാൻ ഓസ്ട്രേലിയയിലെ മെൽബൺ, സിഡ്നി, ബ്രിസ്ബേൻ എന്നിവിടങ്ങളിൽ ശുശ്രൂഷ ചെയ്യുമ്പോൾ ദൈവത്തിന്റെ മഹത്തായ സ്പർശം അനുഭവപ്പെട്ടു.

ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് ഒരു ദിവസം ഓസ്ട്രേലിയക്കാരായ ദമ്പതികൾ എന്നെ കാണാനായി കടന്നുവന്നു. വിവാഹം കഴിഞ്ഞിട്ട് 13 വർഷമായിട്ടും അവർക്ക് കുട്ടികളില്ല എന്ന് കരഞ്ഞുകൊണ്ട് എന്നോടു പറഞ്ഞു. അതിനാൽ സമാധാനപരമായ രീതിയിൽ വിവാഹമോചനം നേടാൻ തയ്യാറെടുക്കുകയുമാണ് എന്ന് അവർ പറഞ്ഞു. അതിനായി പ്രാർത്ഥിക്കാനും അവർ ആവശ്യപ്പെട്ടു (അവരുടെ രാജ്യത്ത് വിവാഹമോചനം വളരെ സാധാരണമായി നടക്കാറുള്ള കാര്യമാണ്).

എനിക്ക് വളരെ സങ്കടം തോന്നി. ദൈവം അവർക്ക് ഒരു കുഞ്ഞിനെ നൽകാനായി ഞാൻ പ്രാർത്ഥിക്കട്ടെയോ എന്നു ഞാൻ ചോദിച്ചു. അവർ എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞത്, അവർ ഇതിനകം വളരെയധികം പ്രഗത്ഭരായ ഡോക്ടർമാരെ കണ്ടു എന്നും അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല എന്നും പറഞ്ഞു. പ്രാർത്ഥനയിലൂടെ ഒരു കുഞ്ഞിനെ കൊണ്ടുവരുവാൻ എങ്ങനെ കഴിയുമെന്ന് അവർ എന്നോടു ചോദിച്ചു. ഞാൻ അവരോടൊപ്പം ഇരുന്ന് വിശ്വാസത്തെക്കുറിച്ചും, അതിന്റെ ഫലത്തെക്കുറിച്ചും, ദൈവത്തിന്റെ ശക്തിയെക്കുറിച്ചും അവർക്ക് ഉപദേശം നൽകി. പിന്നീട് ഞാൻ അവർക്കുവേണ്ടി ആത്മാവിൽ ശക്തമായി, ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചു.

ഏകദേശം രണ്ടു മാസങ്ങൾക്കുശേഷം ഞാൻ ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിലേക്കു മടങ്ങാൻ എയർപോർട്ടിൽ എത്തിയപ്പോൾ വലിയ പാക്കറ്റുകളിൽ സമ്മാനങ്ങളുമായി ആ ദമ്പതികൾ വരുന്നതു ഞാൻ കണ്ടു. എയർപോർട്ടിൽ അവർ ഏകദേശം പത്തു മിനിറ്റോളം എന്റെ മുന്നിലിരുന്നു കരഞ്ഞതുകണ്ട് ഞാൻ ഞെട്ടിപ്പോയി. ആൾക്കൂട്ടം മുഴുവനും അതു കണ്ടു.



*ദൈവം മൂന്നു മക്കളെ നൽകുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു.*

ഒടുവിൽ തന്റെ ഭാര്യ ഗർഭം ധരിച്ചതായും ഡോക്ടർമാർ അത് സ്ഥിരീകരിച്ചതായും അയാൾ പറഞ്ഞു. ദൈവത്തിനു സ്തോത്രം! അവർ വളരെയധികം സന്തോഷത്തിലായി രുന്നു. സമ്മാന പാക്കറ്റിൽ കുറെയധികം ഡ്രസ്സുകളും എന്റെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കുവാനുള്ള സാധനങ്ങളും ഉണ്ടായിരുന്നു. ദൈവം അവർക്ക് ഒരു മകളെ നൽകി, പിന്നീട് രണ്ട് ആൺ മക്കളെ കൂടി നൽകി അവരെ അനുഗ്രഹിച്ചു.

പ്രീയ സുഹൃത്തേ, നിങ്ങളുടെ ജീവിതത്തിലും ഇതുപോലുള്ള അനുഗ്രഹങ്ങൾ നൽകാൻ ദൈവത്തിനു കഴിയും. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുക. പൂർണ്ണ വിശ്വാസത്തോടെ അവനോടു ചോദിക്കുക. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും അവൻ നിറവേറ്റും.

ഞാൻ പ്രസംഗിക്കുന്ന കർത്താവായ യേശുക്രിസ്തുവിന് കുഞ്ഞുങ്ങളില്ലാത്തവർക്ക് കുഞ്ഞുങ്ങളെ നൽകാനും രോഗികളെ സൗഖ്യമാക്കുവാനും മറ്റു അനുഗ്രഹങ്ങൾ നൽകുവാനും കഴിയും. അവൻ ഇന്നലെയും ഇന്നും എന്നെന്നേക്കും ഒരുപോലെ തന്നെ ആയിരിക്കുന്നു.

---

*6-ാം പേജിന്റെ തുടർച്ച...*

ഗദശമനതോട്ടത്തിൽ അവൻ തികച്ചും ഏകാകിയായിരുന്നു. നിങ്ങൾക്ക് സമ്പത്തും സ്വാധീനവും പ്രശസ്തിയും ഉണ്ടായിരിക്കാം, എന്നിട്ടും നിങ്ങൾ ഏകാന്തതയെ നേരിടുന്നു. ഏകാന്തതയുടെ ആഴം ദൈവം മനസ്സിലാക്കുന്നു. ആദാമിന്റെ ഏകാന്തത ലഘൂകരിക്കാൻ ദൈവം ഹവ്വയെ സൃഷ്ടിച്ചു. എന്നിരുന്നാലും, നമ്മിൽ പലരും ഒറ്റപ്പെടലിന്റെയും തകർച്ചയുടെയും വിവരിക്കാനാകാത്ത വേദനയുമായി മല്ലിടുന്നു.

ദൈവം നിങ്ങളെ അന്വേഷിക്കുകയാണ്. നിങ്ങളെ അവന്റെ അടുക്കൽ കൊണ്ടുവരുവാനായി നിങ്ങളെ അഴിച്ചുവിടുവാൻ അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ തകർന്നുപോകുകയോ അപമാനിക്കപ്പെടുകയോ പരാജയപ്പെടുകയോ ചെയ്തേക്കാം. എന്നാൽ നിങ്ങളെ വിടുവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

- **ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു** - സങ്കീർത്തനങ്ങൾ 34:18
- **മനംതകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു** - സങ്കീർത്തനങ്ങൾ 147:3




❖ **ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു.**
– യെശയ്യാവ് 57:15.

പുതിയത് എന്തെങ്കിലും നിർമ്മിക്കണമെങ്കിൽ ഒരു തകർച്ച ആവശ്യമാണ്.

നിങ്ങൾ പാപം, മോശമായ ശീലങ്ങൾ, അസുഖം, സാമ്പത്തിക ബുദ്ധിമുട്ടുകൾ, തലമുറയുടെയോ പാരമ്പര്യത്തിന്റെയോ ശാപങ്ങൾ എന്നിവയുമായി ബന്ധിതരായിരിക്കാം. പക്ഷെ, ഈ ബന്ധനത്തിൽനിന്നും നിങ്ങളെ മോചിതരാക്കുവാൻ ദൈവം തയ്യാറായിരിക്കുന്നു, കാരണം എന്തെന്നാൽ അവൻ നിങ്ങളെ സ്നേഹിക്കുകയും നിങ്ങളെ തിരികെ കൊണ്ടുവരാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. നിങ്ങൾ ദൈവത്തിൽനിന്ന് വളരെ അകലെയാണ് എന്നു നിങ്ങൾക്കു തോന്നുന്നു എങ്കിൽ ഓർക്കുവിൻ "എനിക്കു നിങ്ങളെ തിരികെ വേണം" എന്ന് ദൈവം പറയുന്നു. നിങ്ങൾ അവന്റെ അടുക്കലേക്ക് മടങ്ങുമോ?

നിങ്ങളുടെ ഭൂതകാലത്തെക്കുറിച്ച് ദൈവത്തിന് ആശങ്കയില്ല. രാഹാബ്, മത്തായി, സക്കായി എന്നിവർക്കെല്ലാം ദുഷ്കരമായ



ഭൂതകാലം ഉണ്ടായിരുന്നു എങ്കിലും അത് അവരുടെ വർത്തമാനകാലത്തെയോ ഭാവികാലത്തെയോ നിർണ്ണയിച്ചില്ല. ദൈവത്തിന് നിന്നെ വേണം! ദൈവം നിങ്ങളെ മോചിപ്പിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

പലരും ഇടനാഴിയിൽ തന്നെ നിൽക്കുകയാണ്. അവനു കീഴടങ്ങുവാൻ ഇന്നുതന്നെ നിന്റെ ഹൃദയത്തെ തയ്യാറാക്കുക.

നിങ്ങൾ കീഴടങ്ങാൻ വിസമ്മതിക്കുകയാണെങ്കിൽ ദൈവം നിങ്ങളെ വിട്ടയക്കും, പക്ഷേ അനന്തരഫലങ്ങൾ നിങ്ങൾ നേരിടേണ്ടിവരും.

കർത്താവിന് നിന്നെ ആവശ്യമുണ്ടെന്ന് ഓർക്കുക!

## സങ്കീർത്തനങ്ങൾ 103:21 – 22

അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ, യഹോവയെ വാഴ്ത്തുവിൻ.

അവന്റെ ആധിപത്യത്തിലെ സകല സ്ഥലങ്ങളിലുമുള്ള അവന്റെ സകല പ്രവൃത്തികളുമേ, യഹോവയെ വാഴ്ത്തുവിൻ; എൻ മനമേ, യഹോവയെ വാഴ്ത്തുക!


# WANTED

**NEHEMIAH BIBLE COLLEGE of ECHO OF HIS CALL, Chennai**

* HINDI LANGUAGE *

**DEAN (Residential):**

Hindi Theologian with M.Div. / M.Th. Degree & experience. Boarding, Lodging and Salary will be paid. We also need deserving Hindi students.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

# ST. PAUL'S MATRICULATION SCHOOL,
**Medavakkam, Chennai - 100.**

An *Echo of His Call* Institution

- EXPERIENCED TEACHERS
- BEST COACHING
- PLAY WAY METHOD
- LOT OF PLAY MATERIALS
- DRAWING & PAINTING
- SONGS, DANCES & CULTURAL ACTIVITIES
- SPOKEN ENGLISH
- NORMAL FEES STRUCTURE
- AIR-CONDITIONED CLASS ROOMS

**ADMISSIONS OPEN! PRE.K.G. TO X STD**

**ENROL NOW!**

**Visit School office to apply / contact us:** Ph. 963 963 1295,044 - 2278 0574


## ദയവായി ശ്രദ്ധിക്കുവിൻ!

### പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ!

പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുന്ന പത്തു വരികൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ, ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ ഒരു ഫോട്ടോ കൂടെ അയച്ചു തന്നാൽ നന്നായിരുന്നു.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

യുട്യൂബ്

ദയവായി വരിക്കാരാകുക

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com


**YOU CAN SEND YOUR DONATION ONLINE ALSO**


Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JUNE, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766


*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**